**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 20** **22-02-2022 - ൽ മറുപടിയ്ക്ക്**

**അഖിലേന്ത്യാ സർവീസ് ജീവനക്കാരുടെ കേന്ദ്ര ഡെപ്യൂട്ടേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന കേഡറിലുള്ള ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് നിലവിൽ കേന്ദ്ര സർവീസിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിൽ സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷ സംസ്ഥാന സർക്കാർ നിലവിലെ ചട്ടപ്രകാരം പരിശോധിച്ച് പരിഗണിക്കാമെന്ന് തീരുമാനിക്കുന്ന പക്ഷം പ്രസ്തുത അപേക്ഷ കേന്ദ്ര സർക്കാരിലേയ്ക്ക് വിജിലൻസ് ക്ലിയറൻസ് സഹിതം ശുപാർശ ചെയ്യുന്നു. കൂടാതെ കേന്ദ്ര പേഴ്സണൽ & ട്രെയിനിങ് വകുപ്പും കേന്ദ്ര ആഭ്യന്തര മന്ത്രാലയവും ഓരോ 'വേക്കൻസി ഇയർ' (Vacancy Year)-ലേയും ഒഴിവു വരുന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി തയ്യാറാക്കുന്ന "ഓഫർ ലിസ്റ്റ്"-ൽ ഉൾപ്പെടുത്തുന്നതിനായി ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അപേക്ഷകളും ഇത്തരത്തിൽ പരിശോധിച്ച് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്യാറുണ്ട്. ഇപ്രകാരം ശുപാർശ ചെയ്യപ്പെടുന്ന ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥരെ കേന്ദ്ര സർക്കാരിൽ നിയമനം ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തു നിന്നും വിടുതൽ ചെയ്യുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ അഖിലേന്ത്യ സർവീസിലെ കേഡർ തസ്തികകൾ ഡെപ്യൂട്ടേഷൻ റിസർവായി നീക്കി വയ്ക്കേണ്ടതുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | അഖിലേന്ത്യാ സർവീസിലുൾപ്പെട്ട ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് കേഡറുകളിൽ നിശ്ചിത ഇടവേളകളിൽ ചട്ടപ്രകാരം നടന്നു വരുന്ന കേഡർ റിവ്യൂ അടിസ്ഥാനമാക്കി ഐ.എ.എസ്., ഐ.പി.എസ്. എന്നിവയിൽ ഓരോ കേഡറിലും നിശ്ചയിച്ചിട്ടുള്ള ആകെ സീനിയർ ഡ്യൂട്ടി തസ്തികകളുടെ എണ്ണത്തിന്റെ 40 ശതമാനത്തിന് തുല്യമായ എണ്ണവും ഐ.എഫ്.എസ്.-ൽ 20 ശതമാനത്തിന് തുല്യമായ എണ്ണവും കേന്ദ്ര ഡെപ്യൂട്ടേഷൻ റിസർവ്വായി നീക്കി വച്ചിട്ടുണ്ട്. നിലവിൽ ഐ.എ.എസ്- ൽ 50ഉം ഐ.പി.എസ്-ൽ |

| | | | |
|---|---|---|---|
| | | | 37ഉം ഐ.എഫ്.എസ്-ൽ 13ഉം എണ്ണം ഇത്തരത്തിൽ കേന്ദ്ര ഡെപ്യൂട്ടേഷൻ റിസർവ്വായി നീക്കി വച്ചിട്ടുണ്ട്. |
| (സി) | അഖിലേന്ത്യാ സർവീസ് പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാക്കുന്ന തരത്തിൽ 1954 -ലെ അഡ്മിനിസ്ട്രേറ്റീവ് ചട്ടം ഭേദഗതി ചെയ്യുന്നതിനെതിരെ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | 1954-ലെ അഖിലേന്ത്യാ സർവ്വീസ് കേഡർ ചട്ടങ്ങളിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കേന്ദ്ര ഡെപ്യൂട്ടേഷനുമായി ബന്ധപ്പെട്ട ചട്ടം 6-ലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം ആരാഞ്ഞിരുന്നു. നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ കേന്ദ്ര സർക്കാരിന് കൂടുതൽ ആനുകൂല്യം നൽകുന്നവയും ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങളെ ഹനിക്കുന്നവയും സംസ്ഥാന സർക്കാരുകളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്നവയും ആയതിനാൽ പ്രസ്തുത വിഷയത്തിലുള്ള സംസ്ഥാനത്തിന്റെ കടുത്ത ആശങ്കയും എതിർപ്പും ബഹു. പ്രധാനമന്ത്രിയെ മുഖ്യമന്ത്രി കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭേഗദതിയെ എതിർക്കുവാനുള്ള കാരണങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്ര പേഴ്സണൽ & ട്രെയിനിങ് വകുപ്പിന് പൊതുഭരണ വകുപ്പും കത്ത് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ 22.01.2022–ലെ 88/2022/CM നമ്പർ അർദ്ധ ഔദ്യോഗിക കത്ത് അനുബന്ധം-I ആയും പൊതുഭരണ വകുപ്പിന്റെ 04.02.2022-ലെ AIS-C2/391/2021-GAD നമ്പർ സർക്കാർ കത്ത് അനുബന്ധം-II ആയും ചേർക്കുന്നു. |
| (ഡി) | പ്രസ്തുത ഭേദഗതി സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിരുന്നോ; എങ്കിൽ സർക്കാർ നൽകിയ മറുപടി അറിയിക്കാമോ? | (ഡി) | 1954-ലെ അഖിലേന്ത്യാ സർവ്വീസ് കേഡർ ചട്ടങ്ങളിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കേന്ദ്ര ഡെപ്യൂട്ടേഷനുമായി ബന്ധപ്പെട്ട ചട്ടം 6-ലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം ആരാഞ്ഞിരുന്നു. നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ കേന്ദ്ര സർക്കാരിന് കൂടുതൽ ആനുകൂല്യം നൽകുന്നവയും ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങളെ ഹനിക്കുന്നവയും സംസ്ഥാന സർക്കാരുകളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്നവയും ആയതിനാൽ പ്രസ്തുത വിഷയത്തിലുള്ള സംസ്ഥാനത്തിന്റെ കടുത്ത ആശങ്കയും എതിർപ്പും ബഹു. പ്രധാനമന്ത്രിയെ മുഖ്യമന്ത്രി കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭേഗദതിയെ എതിർക്കുവാനുള്ള |

| | | | |
|---|---|---|---|
| | | | കാരണങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്ര പേഴ്സണൽ & ട്രെയിനിങ് വകുപ്പിന് പൊതുഭരണ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ 22.01.2022–ലെ 88/2022/CM നമ്പർ അർദ്ധ ഔദ്യോഗിക കത്ത് അനുബന്ധം-I ആയും പൊതുഭരണ വകുപ്പിന്റെ 04.02.2022-ലെ AIS-C2/391/2021-GAD നമ്പർ സർക്കാർ കത്ത് അനുബന്ധം-II ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ